(7) അമ്പലപ്പുഴ, ഹരിപ്പാട് മണ്ഡലങ്ങളിലെ കരിനിലങ്ങളുടെ വികസനത്തിന് തുക അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ഡി. സുഗതൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ, പുറക്കാട്, തകഴി എന്നീ പഞ്ചായത്തുകളും ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റയും ചേർന്ന പ്രദേശമാണ് കരിനില മേഖല, കറുത്ത മണ്ണുള്ള നിലങ്ങൾ ആണ്. ഏകദേശം 9000 ഏക്കർ വരും ഈ പാടശേഖരം. പണ്ട് അവിടെ വനമുണ്ടായിരുന്നു അത് കത്തിയമർന്ന പ്രദേശമാണ്. കറുത്തമണ്ണും പഴയ തടികളും കറുത്ത മരക്കുറ്റികളും കാണാറുണ്ട്. പുരാണത്തിൽ ഖാണ്ഡവദഹനം നടന്നതിവിടെയാണെന്ന് കരുതപ്പെടുന്നു. കരിനിലമേഖലയിലേത് കറുത്തമണ്ണാണ്. കുഴിച്ചുകഴിഞ്ഞാൽ കറുത്ത മരങ്ങൾ കിട്ടാറുണ്ട്. കൃഷി വളരെ നഷ്ടമാണ്. മണ്ണിന് പല കുഴപ്പങ്ങൾ ഉണ്ട്. 9000 ഏക്കർ വരുന്ന കരിനില മേഖലയിൽ പകുതിയോളം മാത്രമേ കൃഷി ചെയ്യുന്നുള്ളു. ഉത്പാദനം വളരെ കുറവാണ്.. വളരെയേറെ ബുദ്ധിമുട്ടേറിയ പ്രദേശമാണ്. അവരെ പ്രത്യേകമായി സഹായിക്കുന്നതിനുവേണ്ടി 'പുറക്കാട് കരിനില വികസന ഏജൻസി' എന്ന ഒരു ഏജൻസി constitute ചെയ്തിട്ടുണ്ട്. അടുത്ത കാലത്താണ് ഈ വർഷത്തെ committee constitute ചെയ്തത്. പക്ഷേ അതിന് ഫണ്ട് അനുവദിച്ചിട്ടില്ല. ഏജൻസി ഉള്ളതുകൊണ്ട് കൂട്ടനാടിന് പ്രഖ്യാപിക്കുന്ന മറ്റ് ആനുകൂല്യങ്ങളൊന്നും പുറക്കാട് മേഖലയിൽ ലഭിക്കുന്നില്ല. മറ്റു മേഖലകളിൽ ഒരുപാട് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടെങ്കിലും; പുറക്കാട് മേഖലയിൽ പ്രത്യേക ഏജൻസി ഉള്ളതുകൊണ്ട് അതാകട്ടെ എന്നു പറയുന്നു. പ്രത്യേക ഏജൻസികൾക്കെല്ലാം കൂടി ഒരു ഫണ്ട് ഉണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എങ്കിലും, പുറക്കാട് കരിനില വികസന ഏജൻസിക്കുവേണ്ടി ഒരു രൂപ പോലും അനുവദിച്ചിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയുണ്ട്. അതുകൊണ്ട് ഏജൻസിക്ക് രണ്ടുകോടി രൂപ അനുവദിക്കണം. ഒരുപാടു പ്രശ്നങ്ങൾ ഉണ്ട്. എല്ലാം വിശദമായി പറയുന്നില്ല. രണ്ടുകോടി രൂപ ഉടൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചേർത്തല എന്നീ താലൂക്കുകളിൽ വ്യാപിച്ചുകിടക്കുന്ന മൂവായിരം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനും പുറക്കാട് കരിനില മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി നെൽകൃഷി സുഗമമാക്കണം എന്ന ഉദ്ദേശത്തോടുകൂടി പുറക്കാട് കരിനില വികസന ഏജൻസി 1992-ൽ രൂപീകൃതമായി. മേൽപ്പടി വികസന ഏജൻസിക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കാവുന്ന 15.91 കോടി രൂപയുടെ ഒരു പദ്ധതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 463.13 ലക്ഷം രൂപയുടെ ഫണ്ടുകൂടി അനുവദിച്ചിട്ടുണ്ട്. ഏജൻസിയുടെ ആവശ്യം പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ നടപടി എടുക്കും. പ്രത്യേകമായി പുറക്കാട് കരിനില വികസന ഏജൻസിയുടെ പ്രവർത്തനം ഏറ്റെടുത്തുചെയ്യുന്നതിന് ഉടനെ ആവശ്യമുള്ള പണം കൊടുക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly